# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 845

03/12/2014-ൽ മറുപടിക്ക്

### മരുന്നുകളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ച് വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗുണനില വാരമില്ലാത്ത ഏതെങ്കിലും മരുന്നുകൾ വിറ്റഴിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | സംസ്ഥാനത്ത് വിതരണത്തിനെത്തുന്ന മരുന്നുകളുടെ സാമ്പിളുകൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, മൊത്ത വിതരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കാറുണ്ട്. പ്രസ്തുത മരുന്നുകൾ പരിശോധനക്കായി തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലോ, എറണാകുളത്തെ റീജിണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കോ അയക്കാറുണ്ട്. പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നുകളുടെ വിതരണം സംസ്ഥാനത്ത് യുദ്ധകാലാടിസ്ഥാനത്തിൽ തടയാറുണ്ട്. ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിശദാംശങ്ങൾ എസ്.എം.എസ് വഴി ഡോക്ടർമാരെയും ഫാർമസിസ്റ്റുകളെയും മെഡിക്കൽ ഷോപ്പ് നടത്തിപ്പുകാരെയും അറിയിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ